സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 171 2025 ഒക്ടോബർ 13 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഓട്ടോറിക്ഷ മറിഞ്ഞ് അപകടം

കൈപ്പറമ്പ്: പോന്നോർ കുരിശുപള്ളിയ്ക്കു സമീപം ഓട്ടോറിക്ഷ മറിഞ്ഞ് പരിക്ക് പറ്റിയ ഡ്രൈവർ ആളൂർ സ്വദേശി പൂക്കോട്ടിൽ വീട്ടിൽ സുരേഷ് മകൻ ശ്രീരാഗ്(28)നെ കേച്ചേരി ആകട്സ് പ്രവർത്തകർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ച 12:15 ഓടെയായിരുന്നു അപകടം.

തെരുവുനായ ആക്രമിച്ചു

ഗുരുവായൂർ: ഗുരുവായൂരിൽ തെരുവുനായ ആക്രമണം. പടിഞ്ഞാറേ നടയിൽവെച്ച് ഭക്തനാണ് തെരുവ് നായയുടെ കടിയേറ്റത്. കഴിഞ്ഞദിവസം മാവിൻ ചുവട്ടിൽ വെച്ച് ആറ് പേരെ തെരുവുനായ ആക്രമിച്ചിരുന്നു.

കരൂർ ദുരന്തം; കോടതി മേൽനോട്ടത്തിൽ സിബിഐ അന്വേഷിക്കും: സുപ്രീം കോടതി

ന്യൂഡൽഹി: നടനും ടിവികെ നേതാവുമായ വിജയ്യുടെ പ്രചാരണ റാലിക്കിടെ തിക്കിലും തിരക്കിലുംപെട്ട് 41 പേർ കൊല്ലപ്പെട്ട സംഭവത്തിൽ സിബിഐ അന്വേഷണം പ്രഖ്യാപിച്ച് സുപ്രീം കോടതി. ജസ്റ്റിസുമാരായ ജെകെ മഹേശ്വരി, എൻവി അഞ്ജാരിയ എന്നിവരുടെ ബെഞ്ചാണ് ഉത്തരവിട്ടത്. കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്താനാണ് സുപ്രീം കോടതി ഉത്തരവിട്ടിരിക്കുന്നത്. മുൻ സുപ്രീം കോടതി ജഡ്ജി അജയ് റസ്തോഗി അദ്ധ്യക്ഷനായ സമിതിയെയാണ് മേൽനോട്ടത്തിനായി നിർദ്ദേശിച്ചിരിക്കുന്നത്. രണ്ട് മുതിർന്ന ഐപിഎസ് ഉദ്യോഗസ്ഥരും സമിതിയിലുണ്ട്. സിബിഐ എല്ലാ മാസവും അന്വേഷണ വിവരങ്ങൾ സുപ്രീം കോടതിയിൽ സമർപ്പിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. ടിവികെയുടെ ഹർജിയിലാണ് ഉത്തരവ്. സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ സ്വതന്ത്ര അന്വേഷണം വേണമെന്നാണ് ടിവികെ ഹർജിയിൽ ആവശ്യപ്പെട്ടത്. പ്രത്യേക അന്വേഷണ സംഘം (എസ്.ഐ.ടി) രൂപീകരിച്ച മദ്രാസ് ഹൈക്കോടതിയുടെ പ്രിൻസിപ്പൽ ബെഞ്ചിന്റെ നടപടിയെ നടൻ വിജയ് നേതൃത്വം നൽകുന്ന ടിവികെ ചോദ്യംചെയ്തിരുന്നു.

ഇക്കഴിഞ്ഞ സെപ്തംബർ 27നാണ് കരൂരിലെ ടിവികെ റാലിയിൽ ദുരന്തമുണ്ടായത്. ഒക്ടോബർ 17 ന് ദുരന്തബാധിതരായ കുടുംബങ്ങളെ വിജയ് കാണുമെന്ന വിവരമുണ്ട്.

മുഖ്യമന്ത്രിയുടെ മകന് യുകെയിൽ പഠിക്കാൻ ലാവ്‌ലിൻ പണം നൽകി

കൊച്ചി:മുഖ്യമന്ത്രി പിണറായി വിജയന്റെ മകൻ വിവേക് കിരണിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) സമൻസ് അയച്ചത് എസ്എൻസി ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ടാണെന്ന വിവരങ്ങൾ പുറത്ത്. നേരത്തെ, ഈ സമൻസ് ലൈഫ് മിഷൻ കേസുമായി ബന്ധപ്പെട്ടാണ് എന്ന തരത്തിലുള്ള ചർച്ചകൾ പുരോഗമിച്ചിരുന്നുവെങ്കിലും, ലാവ്‌ലിൻ കേസിലാണ് സമൻസ് അയച്ചതെന്ന് ഇ.ഡി. വൃത്തങ്ങൾ സ്ഥിരീകരിക്കുന്നതായി മാതൃഭൂമി ന്യൂസ് റിപ്പോർട്ട് ചെയ്തു.

ലാവ്‌ലിൻ കമ്പനി ഡയറക്ടറായിരുന്ന ദിലീപ് രാഹുലൻ മുഖ്യമന്ത്രിയുടെ മകൻ വിവേക് കിരണിന്റെ വിദ്യാഭ്യാസ ചെലവിനായി പണം നൽകി എന്ന വിവരം ലഭിച്ചതിനെ തുടർന്നാണ് ഇ.ഡി. സമൻസ് അയച്ചത്. ലാവ്‌ലിനിൽ നിന്ന് വിദ്യാഭ്യാസത്തിനായി പണം ഈടാക്കി എന്നതാണ് ഈ സമൻസിൽ പ്രധാനമായും പറയുന്നത്. 2023 ഫെബ്രുവരി 14ന് രാവിലെ 10:30ന് ഇ.ഡി.യുടെ കൊച്ചി ഓഫീസിൽ വിവേക് കിരൺ ഹാജരാകണം എന്നായിരുന്നു ഇ.ഡി. സമൻസിലെ ആവശ്യം.

എൻഫോഴ്സ്മെന്റ് കേസ് ഇൻഫർമേഷൻ റിപ്പോർട്ടിലാണ് (ഇ.സി.ഐ.ആർ.) ഈ കാര്യങ്ങൾ ഇ.ഡി. വ്യക്തമാക്കുന്നത്. 2020ൽ ആണ് എസ്എൻസി ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് ഇ.ഡി, ഇ.സി.ഐ.ആർ. രജിസ്റ്റർ ചെയ്തത്. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം (പി.എം.എൽ.എ) പ്രകാരമാണ് നടപടിയെടുത്തത്.

ലാവ്‌ലിൻ കമ്പനിയുടെ മുൻ ഡയറക്ടറായിരുന്നു ദിലീപ് രാഹുലൻ. ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ നേതാക്കൾക്കും പണം നൽകിക്കൊണ്ട് തന്റെയും സ്ഥാപനത്തിന്റെയും ഇംഗിതത്തിനനുസരിച്ച കാര്യങ്ങൾ ചെയ്യിപ്പിക്കുക എന്നതായിരുന്നു ദിലീപ് രാഹുലിന്റെ നയം എന്ന് മൊഴിയുള്ളതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വ്യക്തമാക്കുന്നു. ദിലീപ് രാഹുലൻ ഈ രീതിയിൽ അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ജി. കാർത്തികേയന് 1995ൽ വലിയ തുക നൽകി. അതിനുശേഷം 1996ൽ ശ്രീ പിണറായി വിജയന് വലിയ തുകകൾ നൽകി.

ഏറ്റവും പ്രധാനമായി, ദിലീപ് രാഹുലൻ പിണറായി വിജയന്റെ മകന്റെ യുകെയിലെ വിദ്യാഭ്യാസത്തിനായി വലിയ തുക ചെലവഴിച്ചു എന്ന ഒരു മൊഴിയും ഇ. സി. ഐ. ആറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തെരുവുനായ കടിച്ചെടുത്ത 3 വയസുകാരിയുടെ ചെവി വെച്ചുപിടിപ്പിച്ചു

കൊച്ചി: തെരുവുനായ കടിച്ചെടുത്ത മൂന്ന് വയസുകാരി നിഹാരയുടെ അറ്റുപോയ ചെവിയുടെ ഭാഗം പ്ലാസ്റ്റിക് സർജറിയിലൂടെ വെച്ചുപിടിപ്പിച്ചു. ശസ്ത്രക്രിയ പൂർണമായും വിജയിച്ചോ എന്നത് രണ്ട് ദിവസത്തിന് ശേഷം മാത്രമേ പറയാൻ സാധിക്കൂവെന്നാണ് ഡോക്ടർമാർ അറിയിച്ചതെന്ന് നിഹാരയുടെ പിതാവ് മിറാഷ് പറഞ്ഞു.

യഥാർത്ഥ ദ്വാരപാലക ശിൽപപാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സഹായി വിറ്റു? അടിച്ചുമാറ്റിയത് 222 പവൻ

തിരു: ശബരിമലയിലെ യഥാർത്ഥ ദ്വാരപാലക ശില്പപാളികൾ ഹൈദരാബാദ് സ്വദേശി നാഗേഷ് കൈവശപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തിരിക്കാമെന്ന സംശയത്തിൽ പ്രത്യേക അന്വേഷണ സംഘം.

സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റിയുടെ പ്രധാന സഹായിയായ നാഗേഷിന്റെ സ്ഥാപനത്തിലാണ് സന്നിധാനത്ത് നിന്ന് കൊണ്ടുപോയ സ്വർണപ്പാളികൾ ഏറെനാൾ സൂക്ഷിച്ചിരുന്നത്. സ്വർണം പുശാനായി ഇവ ചെന്നൈയിലെത്തിച്ചതും നാഗേഷാണ്. ഇതിനിടെയാണ് പാളികളുടെ ഭാരത്തിൽ നാലരക്കിലോയുടെ വ്യത്യാസമുണ്ടായത്.

ദ്വാരപാലക ശില്പ പാളികളിൽ നിന്ന് മാത്രം ഉണ്ണികൃഷ്ണൻ പോറ്റി 200 പവനിലേറെ സ്വർണം അടിച്ചുമാറ്റിയെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രാഥമിക നിഗമനം. 1999ൽ സ്വർണം പൊതിഞ്ഞശേഷം ശില്പ പാളികളിൽ 258 പവൻ സ്വർണമുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അവശേഷിക്കുന്നത് വെറും 36 പവൻ മാത്രമാണ്. 222 പവൻ സ്വർണമാണ് ഇതിൽ കുറവുവന്നത്.

അതേസമയം, ഉണ്ണികൃഷ്ണൻ പോറ്റി ഉൾപ്പെടെയുള്ള പ്രതികളെ അന്വേഷണ സംഘം ഉടൻ കസ്റ്റഡിയിലെടുത്തേക്കും എന്നാണ് വിവരം. സന്നിധാനത്തും ബംഗളൂരുവിലും ഉൾപ്പെടെയെത്തി പ്രത്യേക അന്വേഷണ സംഘം നിർണായക വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

മോഷ്ടിക്കപ്പെട്ട സ്വർണം കണ്ടെത്തുക, ദ്വാരപാലക പാളികൾ വ്യാജമായി നിർമിച്ചത് എവിടെ നിന്നാണെന്ന് കണ്ടെത്തുക എന്നിവയ്ക്കാണ് ആദ്യഘട്ട അന്വേഷണത്തിൽ പ്രാധാന്യം നൽകുന്നത്. വരുമാനം ഇല്ലാത്ത ഉണ്ണികൃഷ്ണൻ പോറ്റി തുടർച്ചയായി നടത്തിയ വഴിപാടുകളും ലക്ഷങ്ങളുടെ സംഭാവനയും സ്പോൺസർഷിപ്പിലും വിജിലൻസിന് സംശയമുണ്ട്.

കൊല്ലത്ത് യുവതി കിണറ്റിൽ ചാടി, രക്ഷിക്കാൻ ശ്രമിച്ച ഫയർഫോഴ്സ് ഉദ്യോഗസ്ഥനടക്കം മൂന്നുപേർ മരിച്ചു

കൊല്ലം: നെടുവത്തൂരിൽ കിണറ്റിൽ ചാടിയ യുവതിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ ഫയർഫോഴ്സ് ഉദ്യോഗസ്ഥനടക്കം മൂന്നുപേർ മരിച്ചു. തിങ്കളാഴ്ച പുലർച്ചെയോടെയായിരുന്നു സംഭവം. 80 അടി താഴ്ചയുള്ള കിണറിന്റെ കൈവരി ഇടിഞ്ഞുവീണാണ് അപകടം. കിണറ്റിൽ ചാടിയ നെടുവത്തൂർ സ്വദേശി അർച്ചന (33), സുഹൃത്ത് ശിവകൃഷ്ണൻ (22), രക്ഷിക്കാനെത്തിയ കൊട്ടാരക്കരയിലെ അഗ്നിരക്ഷാ യൂണിറ്റ് അംഗം തിരുവനന്തപുരം ആറ്റിങ്ങൽ സ്വദേശി സോണി എസ് കുമാർ (36) എന്നിവരാണ് മരിച്ചത്.

സംഭവം ഇങ്ങനെ: 80 അടി താഴ്ചയുള്ള കിണറ്റിലേക്ക് അർച്ചന ചാടിയ വിവരം അറിയിച്ച് പുലർച്ചെ 12.15ഓടെ കൊട്ടാരക്കര ഫയർഫോഴ്സിന് കാൾ വന്നു. ഫയർഫോഴ്സ് സ്ഥലത്തെത്തുമ്പോൾ അർച്ചനയുടെ രണ്ട് മക്കളും അമ്മ കിണറ്റിൽ കിടക്കുന്നു എന്നറിയിച്ച് സംഘത്തെ കിണറിനടുത്തേക്ക് കൊണ്ടുപോയി.

തുടർന്ന് യുവതിയെ പുറത്തെത്തിക്കാൻ ഫയർഫോഴ്സ് യൂണിറ്റംഗം സോണി റോപ്പ് അടക്കം സംവിധാനങ്ങളുപയോഗിച്ച് കിണറ്റിലേക്കിറങ്ങി. യുവതിയെ മുകളിലേക്ക് കയറ്റുന്നതിനിടെ കിണറിന്റെ കൈവരിയിടിഞ്ഞ് ഇവരുടെ മേൽ വീണു. കൈവരിക്ക് സമീപം നിന്ന ശിവകൃഷ്ണനും ഇതോടെ അപകടത്തിൽ പെട്ടു. ഏറെ ആഴമുണ്ടായിരുന്ന കിണറായതിനാൽ ഇവരുടെമേലേയ്ക്ക് കല്ലും മണ്ണുമടക്കം വീണു. ഏറെ ബുദ്ധിമുട്ടിയാണ് മൂവരെയും പുറത്തെടുക്കാൻ കഴിഞ്ഞത്. പിന്നാലെ മൂവരുടെയും ജീവൻ നഷ്ടമാകുകയായിരുന്നു. മൂന്ന് കുട്ടികളുടെ അമ്മയാണ് മരിച്ച അർച്ചന.

ലാലുവിനും കുടുംബത്തിനുമെതിരെ അഴിമതിക്കേസിൽ കുറ്റം ചുമത്തി കോടതി

ന്യൂഡൽഹി: ബിഹാർ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ആർജെഡിക്ക് കനത്ത തിരിച്ചടി. ഐആർസിടി അഴിമതി കേസിൽ ആർജെഡി സ്ഥാപകൻ ലാലു പ്രസാദ് യാദവ്, മകനും ഇന്ത്യാ സഖ്യത്തിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയുമായ തേജസ്വി യാദവ്, മുൻ മുഖ്യമന്ത്രിയും ലാലു പ്രസാദ് യാദവിന്റെ ഭാര്യയുമായ റാബ്റി ദേവി എന്നിവർക്കെതിരെ കുറ്റം ചുമത്താൻ ഡൽഹി കോടതി ഉത്തരവിട്ടു. ലാലുപ്രസാദ് അടക്കമുള്ളവർ ഗൂഢാലോചനയിൽ ഏർപ്പെട്ടു എന്നും പൊതുപ്രവർത്തകൻ എന്ന നിലയിൽ സ്ഥാനം ദുരുപയോഗം ചെയ്തു എന്നും കോടതി ചൂണ്ടിക്കാട്ടി.

അതേസമയം തങ്ങൾ കുറ്റക്കാരല്ലെന്നും വിചാരണ നേരിടുമെന്നും ലാലുവിന്റെ കുടുംബം പറഞ്ഞു. തിരഞ്ഞെടുപ്പ് അടുത്തിരിക്കെയുള്ള കോടതി വിധി എൻഡിഎയ്ക്ക് ലഭിച്ച വലിയ ആയുധമാണ്.

ഡൽഹിയിലെ റൗസ് അവന്യൂ കോടതിയാണ് ലാലു യാദവിനും കുടുംബാംഗങ്ങൾക്കുമെതിരെ വഞ്ചന, ക്രിമിനൽ ഗൂഢാലോചന എന്നീ വകുപ്പുകൾ പ്രകാരവും അഴിമതി നിരോധന നിയമപ്രകാരവും കുറ്റം ചുമത്തിയത്.

2004 മുതൽ 2009 വരെ ലാലു പ്രസാദ് യാദവ് റെയിൽവേ മന്ത്രിയായിരുന്ന കാലത്ത് ഐആർസിടിസി ഹോട്ടലുകളുടെ അറ്റകുറ്റപ്പണി കരാറുകൾ നൽകിയതിലെ അഴിമതി ആരോപണങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ കേസ്. ബിഎൻആർ റാഞ്ചി, ബിഎൻആർ പുരി എന്നീ രണ്ട് ഐആർസിടിസി ഹോട്ടലുകളുടെ അറ്റകുറ്റപ്പണി കരാറുമായി ബന്ധപ്പെട്ടാണ് രോപണം. ഈ ഇടപാടിന് പകരമായി, ഒരു ബിനാമി കമ്പനി വഴി ലാലു യാദവിന് മൂന്ന് കോടിരൂപ വിലമതിക്കുന്ന ഭൂമി ലഭിച്ചുവെന്ന് സിബിഐ ആരോപിക്കുന്നു.

മുല്ലപ്പെരിയാർ അണക്കെട്ടിൽ ബോംബ് വച്ചിട്ടുണ്ടെന്ന് സന്ദേശം; ഭീഷണി എത്തിയത് തൃശൂർ കളക്ടറേറ്റിൽ



ഇടുക്കി: മുല്ലപ്പെരിയാർ അണക്കെട്ടിൽ ബോംബ് ഭീഷണി. ഇമെയിൽ വഴിയാണ് ബോംബ് വച്ചിട്ടുണ്ടെന്ന സന്ദേശം വന്നത്. തൃശൂർ കളക്ടറേറ്റിലേക്കാണ് ഇമെയിൽ വന്നത്. സംഭവത്തിന് പിന്നാലെ അണക്കെട്ടിൽ പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തുകയാണ്. വ്യാജ സന്ദേശമാണെന്നാണ് നിഗമനം.

ഇതിനിടെ മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷൻ ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ സുപ്രീംകോടതി നോട്ടീസ് അയച്ചു. സേവ് കേരള ബ്രിഗേഡ് എന്ന സംഘടനയാണ് ഹർജി നൽകിയത്. വിഷയത്തിൽ മറുപടി തേടിക്കൊണ്ടാണ് സംസ്ഥാനങ്ങൾക്ക് സുപ്രീംകോടതി നോട്ടീസ് അയച്ചത്.

സികെ ജാനുവിന്റെ ജെആർപി യുഡിഎഫിലേക്ക്; മുന്നണി പ്രവേശനം ഒരു ഉപാധിയുമില്ലാതെ

തിരു : തദ്ദേശ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെ സികെ ജാനുവിന്റെ നേതൃത്വത്തിലുള്ള ജനാധിപത്യ രാഷ്ട്രീയ പാർട്ടിയുമായി (ജെആർപി) സഹകരണം ആകാമെന്ന് യുഡിഎഫ് ധാരണ. മുന്നണി സഹകരണം ആവശ്യപ്പെട്ട് സികെ ജാനു യുഡിഎഫിന് കത്ത് നൽകിയിരുന്നു. ഈ കത്തിന് അനുകൂലമായ നിലപാട് കഴിഞ്ഞ യുഡിഎഫ് നേതൃ യോഗത്തിൽ സ്വീകരിച്ചെന്നാണ് വിവരം.

എന്നാൽ മുതിന്ന നേതാക്കളായ രമേശ് ചെന്നിത്തലയും കെ മുരളീധരനും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പിന് മുമ്പ് ജെആർപി യുഡിഎഫിൽ പ്രവേശിക്കും. മുന്നണി പ്രവേശനത്തിൽ ഒരു ഉപാധിയും മുന്നോട്ടുവച്ചിട്ടില്ലെന്ന് സികെ ജാനു പ്രതികരിച്ചു. നേരത്തെ എൻഡിഎ മുന്നണിയിലായിരുന്നു ജെആർപി. അവഗണന നേരിട്ടതിനെ തുടർന്ന് എൻഡിഎ വിട്ടതെന്നാണ് സികെ ജാനു അറിയിച്ചത്.

ഷാഫി പറമ്പിൽ എം.പിയെയും കോൺഗ്രസ് നേതാക്കളെയും മർദ്ദിച്ചതിൽ പ്രതിഷേധ പ്രകടനം

തൃശ്ശൂർ: ഷാഫി പറമ്പിൽ എം.പിയെ ക്രൂരമായി മർദ്ദിച്ച പോലീസ് നടപടിയിൽ പ്രതിഷേധിച്ച് അടാട്ട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടൂരിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനത്തിനും പൊതുയോഗത്തിനും ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് വിബിൻ വടേരിയാട്ടിൽ നേതൃത്വം നൽകി.

തേനീച്ചകുത്തേറ്റു

കുന്നംകുളം: വടക്കാഞ്ചേരി മച്ചാട് കരുമത്രയിൽ നിരവധി പേർക്ക് തേനീച്ചയുടെ കുത്തേറ്റു. മൂർക്കനാട് പടിഞ്ഞാറ്റു മുറി സുബ്രഹ്മണ്യൻ മകൻ ശ്യാം തടത്തിൽ ശ്രീകുമാർ, കോമളം, പുതിയേടത്ത് രാധ, കുമാരി, രാധ, ലക്ഷ്മി കുട്ടി . ഇതര സംസ്ഥാന തൊഴിലാളി ദിവാകർ എന്നിവർക്കാണ് പരിക്കേറ്റത്. പരിക്കേറ്റവർ ആശുപത്രിയിൽ ചികിത്സ തേടി. ആരുടെയും നില ഗുരുതരമല്ല.

ഗാസയിൽ ബന്ദി മോചനം ആരംഭിച്ചു; ഹമാസ് ആദ്യം കൈമാറിയത് 7പേരെ

ടെൽ അവീവ്/ഗാസ് സിറ്റി: രണ്ടുവർഷത്തെ നരകപ്പെയ്ത്തിന് ശമനമുണ്ടാക്കി സമാധാനവഴിയിലേക്ക് നീങ്ങുന്ന ഗാസയിൽ ബന്ദി മോചനം ആരംഭിച്ചു. ആദ്യ ഘട്ടമായി ഏഴ് ഇസ്രയേലി ബന്ദികളെ ഹമാസ് റെഡ് ക്രോസ് കമ്മിറ്റിക്ക് (ഐസിആർസി) കൈമാറി. ഇന്ന് മോചിപ്പിക്കുന്ന ജീവനോടെയുള്ള 20 ബന്ദികളുടെ പേര് വിവരങ്ങൾ ഹമാസ് കൈമാറിയിട്ടുണ്ട്.

ബന്ദികളെ സ്വീകരിക്കുന്നതിനും മരിച്ച ബന്ദികളുടെ മൃതദേഹങ്ങൾ രാജ്യത്തേക്ക് തിരികെ കൊണ്ടുവരുന്നതിനും ഇസ്രായേലിന്റെ മുഴുവൻ ആരോഗ്യ സംവിധാനവും തയ്യാറായിട്ടുണ്ടെന്ന് ഇസ്രയേൽ അധികൃതർ അറിയിച്ചു. ബന്ദികളെ സ്വീകരിക്കുന്നതിനായി ഇസ്രയേലിൽ വൻജനാവലി ഒത്തുകൂടിയിട്ടുണ്ട്.

ഇസ്രയേലി ബന്ദികളെ മോചിപ്പിക്കുന്നതിന് പകരം ഗാസക്കാരുൾപ്പടെ രണ്ടായിരത്തോളം പലസ്തീനികളെ മോചിപ്പിക്കും.

മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥൻ കോൺഗ്രസിൽ ചേർന്നു

ന്യൂഡൽഹി: കേന്ദ്ര സർക്കാരിനെതിരെ ആരോപണങ്ങളുന്നയിച്ച് സിവിൽ സർവീസിൽനിന്ന് രാജിവെച്ച മലയാളി ഐഎഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥൻ കോൺഗ്രസിൽ ചേർന്നു. എഐസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ സി വേണുഗോപാലിൽനിന്ന് കോൺഗ്രസ് അംഗത്വം സ്വീകരിച്ചു.

2012 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായിരുന്നു കണ്ണൻ. കോട്ടയം കുറോപ്പട സ്വദേശിയാണ്. രാജിവെച്ചതിന് ശേഷം രാജ്യത്ത് നടന്ന സിഐഎ വിരുദ്ധ പ്രക്ഷോഭങ്ങളിലും മറ്റ് ജനകീയ സമരങ്ങളിലും കണ്ണൻ സജീവമായിരുന്നു.

രാജ്യത്തെ പിന്നാക്കം നിൽക്കുന്നവർക്കും അരികുവൽക്കരിക്കപ്പെട്ടവർക്കും ഒപ്പം നിൽക്കുകയും നീതിക്കും ഐക്യത്തിനും വേണ്ടി എപ്പോഴും പോരാടിയ ധീരനായ ഉദ്യോഗസ്ഥനാണ് കണ്ണൻ ഗോപിനാഥൻ എന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ പറഞ്ഞു.



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അനുഭവങ്ങളുടെ സംവാദം പുസ്തകവായന തന്നെ: ഡോ. ധർമ്മരാജ് അടാട്ട്

തൃശൂർ:ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ വെന്തുരുകി പാകം വന്ന മനുഷ്യർ യുവതലമുറയോട് സംവദിക്കുമ്പോൾ അതവർക്ക് നൂറു പുസ്തകങ്ങൾ വായിച്ച അനുഭവമായി മാറുന്നുവെന്ന് സംസ്ഥാന ലൈബ്രറി കൗൺസിൽ പ്രസിഡണ്ട് ഡോ. ധർമ്മരാജ് അടാട്ട് പ്രസ്താവിച്ചു. മനുഷ്യ ഗ്രന്ഥാലയം (ഹ്യൂമൻ ലൈബ്രറി) ഒന്നാം അദ്ധ്യായം ഐവറി ആർട് കഫേയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ഡോ.എൻ.ആർ.ഗ്രാമപ്രകാശ് അദ്ധ്യക്ഷനായി. അമ്മയുടെ ഡയറക്ടർ ഡോ.പി.ഭാനുമതി, ഇസ്തിരി പണി ചെയ്തു പഠിച്ചു ഡോക്ടറേറ്റുവരെ നേടിയ കോളേജധ്യാപിക ഡോ.എം.വി.അമ്പിളി, ബുക്ക് ഷെൽഫ് പണിതു വിറ്റു ഡയാലിസിസിനു പണം കണ്ടെത്തുന്ന എൻ.പ്രതീഷ്, വർഷങ്ങൾക്കു മുൻപ് കിഡ്നിമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയും അതിന്റെ ക്ലേശങ്ങളും തരണം ചെയ്ത അഡ്വ.എ.ഡി. ബെന്നി, പരിസ്ഥിതി പോരാളി എ.വി.ചന്ദ്രൻ, ധനഞ്ജയൻ മച്ചിങ്ങൽ, ഡോ. വി.ബിന്ദു എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു.

തൃശ്ശൂർ ടൈഗേർസ് ലയൺസ് ക്ലബ്ബ് വിയ്യൂർ സെൻട്രൽ ജയിൽ മെഡിക്കൽ വാർഡിലേക്ക് വിതരണം ചെയ്ത മെഡിക്കൽ ബെഡുകൾ ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ജെയിംസ് വളപ്പില ജയിൽ സൂപ്രണ്ട് കെ. അനിൽകുമാറിന് കൈമാറുന്നു. ഡി.എം.ഒ. ഡോ. ടി.പി. ശ്രീദേവി, ഡോ. രമേഷ് ചന്ദ്രൻ എന്നിവർ സമീപം.

തൃശൂരിൽ ഡബിൾ ഡെക്കർ ബസ് വരുന്നു

തൃശ്ശൂർ: പുത്തൂർ സുവോളജിക്കൽ പാർക്കുമായി ബന്ധപ്പെടുത്തി ഗടഞഠഇ യുടെ ഇലക്ട്രിക് ഡബിൾ ഡെക്കർ ബസിന് അനുമതി ലഭിച്ചു. 1.5 കോടി രൂപ ചെലവിലാണ് പദ്ധതി.

'തൃശൂർ നഗര കാഴ്ചകൾ" എന്ന പേരിൽ ബസ് സ്വരാജ് റൗണ്ടിൽ നിന്ന് പുത്തൂർ പാർക്കിലേക്ക് സർവീസ് നടത്തും.

മന്ത്രി കെ രാജനും ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറും ചേർന്നാണ് തീരുമാനം. തൃശൂരിൽ ആദ്യമായാണ് തുറന്ന മുകൾ ഭാഗമുള്ള ഡബിൾ ഡെക്കർ ബസ് എത്തുന്നത്.

ചാവക്കാട് സ്കൂളിൽ മോഷണം

കുന്നംകുളം: ചാവക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മോഷണം. പ്രിൻസിപ്പലിന്റെ മേശയിൽ സൂക്ഷിച്ചിരുന്ന 40,000 രൂപ നഷ്ടപ്പെട്ടു

ജനാധിപത്യ കലാ സാഹിത്യ വേദി അദ്ധ്യാപക പുരസ്കാര വിതരണം

തൃശ്ശൂർ: ജനാധിപത്യ കലാ സാഹിത്യ വേദി 2025 ലെ അദ്ധ്യാപക പുരസ്കാരങ്ങൾ വിതരണം ചെയ്തു. കേരള സാഹിത്യ അക്കാദമി ചങ്ങമ്പുഴ മന്ദിരത്തിൽ നടന്ന സമ്മേളനം തൃശൂർ സ്കൂൾ ഓഫ് ഡ്രാമ മുൻ ഡയറക്ടർ ജി. കുമാര വർമ്മ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ചെയർമാൻ കുന്നത്തൂർ ജെ. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത മാദ്ധ്യമ പ്രവർത്തകൻ എൻ ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തി. ജനാധിപത്യം വെല്ലുവിളി നേരിടുമ്പോൾ, സ്വതന്ത്രമായ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വേദിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് എൻ.ശ്രീകുമാർ അഭിപ്രായപ്പെട്ടു. കെ.സ്.എസ്.പി.എ. സംസ്ഥാന ഉപാദ്ധ്യക്ഷൻ ടി. എസ്. സലീം വിശിഷ്ടാതിഥിയായിരുന്നു. വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പത്തൊൻപത് അദ്ധ്യാപകർക്ക് പുരസ്കാരങ്ങൾ നൽകിയ സമ്മേളനത്തിൽ, സഹദേവൻ കോട്ടവിള, ഡോ. എം. എ മുംതാസ്, ഡോ. എം.എസ്. ശ്രീലാറാണി, ബദറുദ്ദീൻ ഗുരുവായൂർ, മോഹൻദാസ് ചെറുതുരുത്തി, സുജാത അനിൽ, വിഭിത രാജേഷ് എന്നിവർ പ്രസംഗിച്ചു. ടി.എസ്. സലീമിനും മോഹൻദാസ് ചെറുതുരുത്തിക്കും അക്ഷരജ്യോതി പുരസ്കാരവും സമ്മാനിച്ചു.

മുഖ്യമന്ത്രി കാരണം വഴി നടക്കാൻ പറ്റാത്താവസ്ഥ: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: മുഖ്യമന്ത്രി പിണറായി വിജയൻ കാരണം കേരളത്തിൽ യൂത്ത് കോൺഗ്രസുകാർക്കും കെഎസ്യുകാർക്കും മാത്രമല്ല സാധാരണക്കാർക്കും വഴിയിൽ ഇറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണെന്നും അതാണ് ഇന്നലെ മുരിങ്ങൂരിലും ഇന്ന് മുണ്ടൂരിലും കണ്ടതെന്നും ഡിസിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

മുഖ്യമന്ത്രിയുടെ സന്ദർശനം പ്രമാണിച്ച് യൂത്ത് കോൺഗ്രസ് നേതാക്കളായ മിഥുൻ മോഹൻ,വിഷ്ണു ചന്ദ്രൻ,ജെറോം ജോൺ എന്നിവരെ അകാരണമായി പോലീസ് അറസ്റ്റ് ചെയ്തു നടപടിയിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി ശക്തമായി പ്രതിഷേധിക്കുന്നു. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ പോലും കൊട്ടിയടച്ചുകൊണ്ട് പഴയകാലത്തെ രാജാക്കന്മാരുടെ എഴുന്നള്ളത്തിനെ ഓർമിപ്പിക്കുന്ന രീതി ലാണ് ജനാധിപത്യ കേരളത്തിന്റെ മുഖ്യമന്ത്രി തെരുവിലിറങ്ങുന്നത്. പിണറായിക്ക് സമരങ്ങളോടെ എന്താണ് ഇത്ര സഹിഷ്ണുത. യൂത്ത് കോൺഗ്രസുകാരോട് പിടികിട്ടാപ്പുള്ളികളെ പോലെയാണ് പോലീസ് പെരുമാറുന്നത്.യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താനുള്ള കഴിവില്ലായ്മ മറച്ചുവെക്കാൻ വേണ്ടി നടത്തുന്ന ഈ വിധേയത്വം ജനങ്ങൾക്ക് മനസ്സിലാകുന്നുണ്ടെന്നും അഡ്വ. ജോസഫ് ടാജറ്റ് കൂട്ടിച്ചേർത്തു.

ഇടവക നവദേവാലയത്തിലെ ആദ്യ ഊട്ടു തിരുന്നാൾ തലോർ ജനത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരം: മാർ ടോണി നീലങ്കാവിൽ

തലോർ: പുതുതായി കൂദാശ ചെയ്ത തലോർ ഉണ്ണിമിഴിഹ ഇടവക നവദേവാലയത്തിലെ സഹമധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും വിശുദ്ധ മദർ തെരേസയുടെയും വിശുദ്ധ മറിയം ത്രേസ്യായുടെയും സംയുക്ത ഊട്ടു തിരുന്നാളിന്റെ ആഘോഷമായ തിരുനാൾ പാട്ടു കുർബാന തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ആഘോഷമായ അർപ്പിച്ചു.

പതിനഞ്ചു വർഷത്തോളം കാത്തിരുന്നു ലഭിച്ച പുതിയ ദേവാലയം അനുഗ്രഹത്തിന്റെ കവാടമായി മാറുമെന്ന് ബിഷപ് പറഞ്ഞു. തുടർന്ന് ഊട്ടു നേർച്ച ഉണ്ടായിരുന്നു. വൈകുന്നേരം നാലുമണിക്ക് എസ്ഡി വി സഭ ഇന്ത്യൻ ഡെലിഗേറ്റ് ഫാ അലൻ ടോണി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് തിരുന്നാൾ പ്രദിക്ഷിണവും ഉണ്ടായിരുന്നു. പ്രദിക്ഷിണ ശേഷം ഫാൻസി വെടിക്കെട്ടും നടന്നു.

വികാരിയോടൊപ്പം സഹവികാരി ഫാ ബ്രിൽവിൻ ഒലക്കേങ്കിൽ, കൈക്കാരന്മാരായ സണ്ണി കാഞ്ഞാണി, ീഫിൻ കുന്നത്ത്, ബാബുദാസ് തരകൻ, ലിക്സൺ പെരിഞ്ചേരി, ജനറൽ കൺവീനർമാരായ ജോയ് കൊമ്പൻ, വിൻസെന്റ് പെരിഞ്ചേരി, ഊട്ടു നേർച്ച കൺവീനർ കുര്യൻ ചമവളപ്പിൽ, കേന്ദ്ര സമിതി പ്രസിഡന്റ് ആന്റണി കോക്കി, ഏകോപന സമിതി പ്രസിഡന്റ് ജോബി ചൂണ്ടൽ, പ്രതിനിധി യോഗ സെക്രട്ടറി പി വി ജോസ്, കുടുംബ സമ്മേളന ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ തിരുന്നാൾ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി.

തിരുനാളിനോടനുബന്ധിച്ചു, ജോസഫ് ആൻറ്റോയുടെ നേതൃത്വത്തിൽ സ്പെഷ്യൽ ബുള്ളറ്റിനും എല്ലാ ഭവനങ്ങളിലും എത്തിച്ചു. അത്ഭുത പ്രവർത്തകനായ ഉണ്ണീശോയുടെ അനുഗ്രഹവും വിശുദ്ധരുടെ മധ്യസ്ഥവും നേടാൻ ജാതി മത ഭേദമെന്യേ അയ്യായിരത്തോളം പേര് പങ്കെടുത്തു.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ലോഹ്യയുടെ സപ്ത വിപ്ലവങ്ങളിൽ ഒന്ന്: അഡ്വ.ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: വി പി സിംഗിന്റെ നേതൃത്വത്തിലുള്ള ജനതാദൾ സർക്കാർ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയത് ജന്മസിദ്ധമായി ലഭിച്ച ജാതി വ്യവസ്ഥ മാറ്റുവാൻ പ്രത്യേക അവകാശങ്ങൾ പിന്നോക്കകാർക്ക് ലഭിക്കുവാൻ വേണ്ടിയുള്ള പ്രക്ഷോഭം വേണമെന്ന ഡോ. റാം മനോഹർ ലോഹ്യയുടെ സപ്ത വിപ്ലവങ്ങളിൽ ഒന്നാണെന്നും ഇന്ത്യയിലെയും ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലെയും നേപ്പാളിലെയും സ്വാതന്ത്ര്യത്തിനു വേണ്ടിയും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ വർണ്ണ വിവേചനത്തിനെതിരെയും അമേരിക്കൻ ഐക്യനാടുകളിലെ നീഗ്രോകൾക്കുള്ള തുല്യ നീതിക്കുവേണ്ടിയും പോരാട്ടം നടത്തി ജയിൽവാസം അനുഭവിച്ച റാം മനോഹർ ലോഹ്യ സാർവദേശീയ വിപ്ലവകാരി ആണെന്നും രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി പ്രസ്താവിച്ചു ഡോ. റാം മനോഹർ ലോഹ്യയുടെ 58- മത് ചരമവാർഷിക ദിനത്തോടനുബന്ധിച്ച് രാഷ്ട്രീയ ജനതാദൾ ആർജെഡി പുതുക്കാട് നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അളഗ പ്പ നഗറിൻ സംഘടിപ്പിച്ച ലോഹ്യ ജെപി ടിപി സീത രാമൻ സ്മൃതി സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു.

ഷാഫി പറമ്പിൽ എംപിയെ പോലീസ് മൃഗീയമായി മർദ്ദിച്ചതിൽ പ്രതിഷേധിച്ച് ഇരിങ്ങാലക്കുട ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടത്തി. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ മാർച്ച് ഡിസിസി ജനറൽ സെക്രട്ടറി സോണിയ ഗിരി ഉദ്ഘാടനം ചെയ്തു. മുൻ ബ്ലോക്ക് പ്രസിഡന്റ് ടിവി ചാർളി, മുനിസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ, മണ്ഡലം പ്രസിഡണ്ടുമാരായ അബ്ദുൽ ഹഖ് സി എസ്, സാജു പാറേക്കാടൻ, ഭാസി പി കെ, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡണ്ട് സനൽ കല്ലുക്കാരൻ, ബ്ലോക്ക് സെക്രട്ടറി വി സി വർഗീസ് തുടങ്ങിയവർ സംസാരിച്ചു.

ലോക മാനസികാരോഗ്യ ദിനം ആചരിച്ചു

വാടാനപ്പിള്ളി: ലോക മാനസികാരോഗ്യ ദിനത്തിന്റെ ഭാഗമായി തൃത്തല്ലൂർ കമലാ നെഹറു വി എച്ച് എസ് സ്കൂളിലെ വിദ്യാർഥികൾ ലഹരിക്കെതിരെ കൂട്ടുകാർക്ക് കത്തുകൾ അയച്ചു.

വിദ്യാർഥികൾക്കായി നടത്തിയ ബോധവൽക്കരണ സെമിനാർ 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ സി സി ഓഫീസർ മേജർ പിജെ സ്റ്റൈജു ഉദ്ഘാടനം ചെയ്തു. സുഹൃത്തുക്കളായ വിദ്യാർത്ഥികൾക്ക് കുശലാന്വേഷണത്തോടൊപ്പം ലഹരി ഉപയോഗിക്കാതെ മാറിനിൽക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് വിദ്യാർഥികൾ കൂട്ടുകാർക്ക് കത്തുകൾ അയച്ചത്. പ്രധാന അധ്യാപിക സി.ബി നിഷ അധ്യക്ഷത വഹിച്ച യോഗത്തിൽ അധ്യാപകരായ രാജേഷ് കെ ആർ, എം ജി ഷിജു, റൈജു.പി.പി. എന്നിവർ പ്രസംഗിച്ചു

സി പി ഐ വികസന സന്ദേശ കാൽനട ആരംഭിച്ചു

പടിയൂർ :സി പി ഐ പടിയൂർ പഞ്ചായത്ത് വികസന സന്ദേശ കാൽനട ജാഥ സി പി ഐ ഇരിങ്ങാലക്കുട മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്തു. എം എൻ സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. വി.ആർ രമേഷ് ജാഥ ക്യാപ്റ്റനായും സുധാ ദീലിപ് വൈസ് ക്യാപ്റ്റനായും ടി.വി വിബിൻ മാനേജറുമായ ജാഥ പര്യടനം ആരംഭിച്ചു. പി.മണി,അനിതാ രാധാകൃഷ്ണൻ, ബാബു ചിങ്ങാരത്ത് കെ.വി രാമകൃഷ്ണൻ കെ. പി കണ്ണൻ എന്നിവർ സംസാരിച്ചു. മിഥുൻപോട്ടക്കാരൻ സ്വാഗതവും കെ.എ ഗ്രീനോൾ നന്ദിയും പറഞ്ഞു.

ജനകീയ പ്രതിഷേധ സമര സദസ്സ് സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട: കല്ലേറ്റുംകരയിലെ ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷൻ വികസന സമിതിയുടെയും കല്ലേറ്റുംകര വികസന സമിതിയുടെയും സംയുക്ത നേതൃത്വത്തിൽ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനു മുന്നിൽ ജനകീയ പ്രതിഷേധ സമര സദസ്സ് സംഘടിപ്പിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് കെ കെ പോളി ഉത്ഘാടനം ചെയ്തു.

മുഖ്യ സംഘാടകൻ വർഗ്ഗീസ് തൊടുപറമ്പിൽ സമര പ്രമേയം അവതരിപ്പിച്ചു. യോഗം അംഗീകരിച്ച പ്രമേയം നിയമസഭാംഗമായ സംസ്ഥാന മന്ത്രി പ്രൊഫ. ആർ.ബിന്ദു, ലോക്സഭാംഗമായ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, തിരുവനന്തപുരം ഡിവിഷണൽ റയിൽവേ മാനേജർ, ആളൂർ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻ എന്നിവർക്ക് അയച്ചു നൽകി.

വർഗ്ഗീസ് പന്തലൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. കെ എഫ് ജോസ് സ്വാഗതവും ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ നന്ദിയും പറഞ്ഞു. അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, ഡേവിസ് തുളവത്ത്, ജോസ് പി എൽ, കെ കെ ബാബു, കെ വി സുരേഷ് കൈതയിൽ, കെ കെ റോബി, ജോസ് കുഴിവേലി, കുമാരൻ കൊട്ടാരത്തിൽ, ഡേവിസ് കണ്ണംകുന്നി, തുടങ്ങിയവർ സംസാരിച്ചു.

സിപിഐ തൃശൂർ ജില്ലാ അസി.സെക്രട്ടറിമാരായി അഡ്വ. ടി ആർ രമേഷ് കുമാറിനെയും ഇ എം സതീശനെയും തെരഞ്ഞെടുത്തു

തൃശൂർ: സിപിഐ തൃശൂർ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറിമാരായി അഡ്വ. ടി ആർ രമേഷ്കുമാറിനെയും ഇ എം സതീശനെയും തെരഞ്ഞെടുത്തു. ജില്ലാ കൗൺസിൽ യോഗമാണ് പുതിയ അസി.സെക്രട്ടറിമാരെ തെരഞ്ഞെടുത്തത്. ജില്ലാ എക്സിക്യൂട്ടീവിലേക്ക് ഇ ടി ടൈസൺ എംഎൽഎ, സി സി വിപിൻചന്ദ്രൻ, പി മണി, കെ പി സന്ദീപ്, രാഗേഷ് കണിയാംപറമ്പിൽ എന്നിവരെയും തെരഞ്ഞെടുത്തു. തൃശൂർ ബാറിലെ സീനിയർ അഭിഭാഷകനായ അഡ്വ. ടി ആർ രമേഷ്കുമാർ ചാഴൂർ സ്വദേശിയാണ്. കഴിഞ്ഞ കൗൺസിലിൽ അസി സെക്രട്ടറിയായിരുന്നു. നിലവിൽ പാർട്ടി സംസ്ഥാന കൗൺസിൽ അംഗമാണ്. യുവ കലാസാഹിതി രക്ഷാധികാരിയും കലാ-സാംസ്കാരികരംഗത്തെ നിറസാന്നിദ്ധ്യവുമായ ഇ എം സതീശൻ വടക്കാഞ്ചേരി സ്വദേശിയാണ്.

കെ ജി ശിവാനന്ദൻ, അഡ്വ. ടി ആർ രമേഷ്കുമാർ, ഇ എം സതീശൻ, പി ബാലചന്ദ്രൻ, വി എസ് പ്രിൻസ്, ടി കെ സുധീഷ്, ഷീല വിജയകുമാർ, എം ആർ സോമനാരാണൻ, കെ എസ് ജയ, ടി പ്രദീപ്കുമാർ, ഷീന പറയങ്ങാട്ടിൽ, കെ വി വസന്തകുമാർ, ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ, സി സി വിപിൻചന്ദ്രൻ, കെ പി സന്ദീപ്, പി മണി, രാഗേഷ് കണിയാംപറമ്പിൽ എന്നിവരാണ് പുതിയ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾ.

ജില്ലാ കൗൺസിൽ യോഗത്തിൽ കെ വി വസന്തകുമാർ അദ്ധ്യക്ഷത വഹിച്ചു. ദേശീയ എക്സി.അംഗം കെ പി രാജേന്ദ്രൻ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ കെ രാജൻ, കെ കെ വത്സരാജ്, കെ പി സുരേഷ് രാജ്, സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളായ അഡ്വ. വി എസ് സുനിൽകുമാർ, രാജാജി മാത്യു തോമസ്, ജില്ലാ സെക്രട്ടറി കെ ജി ശിവാനന്ദൻ എന്നിവർ സംസാരിച്ചു.

അഡ്വ. അബ്ദുള്ള സോണ എഴുതിയ ഉറുമ്പുകളുടെ ജല്പനങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം, പ്രശസ്ത മനഃശാസ്ത്ര വിദഗ്ധനും, മുൻ പൂന ആർമ്ഡ് മെഡിക്കൽ കോളേജ് മെഡിക്കൽ കോളേജ്, പ്രൊഫസറുമായ സൈക്കോ മുഹമ്മദ്, (ഡയറക്ടർ, മെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് പെരുമ്പിലാവ്)ൽ വച്ച് നിർവഹിച്ചപ്പോൾ. അഡ്വക്കേറ്റ് ലത്തീഫ് സമീപം.

ഉപജില്ല നീന്തൽ മേള- അവിട്ടത്തൂർ എൽ.ബി.എസ്.എം. സ്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പ്

ഇരിങ്ങാലക്കുട : വിദ്യാഭ്യാസ ഉപജില്ല നീന്തൽ മത്സരത്തിൽ 255 പോയന്റ് നേടി അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 171 പോയന്റ് നേടി ഇരിങ്ങാലക്കുട ഡോൺ ബോസ്കോ എച്ച്.എസ്. എസും, 44 പോയന്റ് നേടി എടതിരിഞ്ഞി എച്ച്. ഡി.പി.ഇ. ഹയർ സെക്കണ്ടറി സ്കൂളും യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഡോൺ ബോസ്കോ സ്കൂൾ സിമ്മിങ്ങ് പൂളിലാണ് നീന്തൽ മത്സരം നടന്നത്. തുടർച്ചയായി 59-ാം തവണയാണ് അവിട്ടത്തൂർ സ്കൂൾ ജേതാക്കളാകുന്നത്.

ലോക മാനസികാരോഗ്യ ദിനം: വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മെഡിക്കൽ ബെഡുകൾ വിതരണം ചെയ്ത് ലയൺസ് ക്ലബ്ബ്

തൃശ്ശൂർ: ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച്, ട്രിച്ചൂർ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററുമായി സഹകരിച്ച് വിയ്യൂർ സെൻട്രൽ ജയിലിലെ അന്തേവാസികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി മെന്റൽ ഹെൽത്ത് വർക്ക്ഷോപ്പ്, 'ബെഡ്സ് ഓഫ് ഹോപ്പ്' പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ബെഡുകളുടെ വിതരണം എന്നിവയാണ് പ്രധാനമായും നടന്നത്. തൃശ്ശൂർ ലയൺസ് ക്ലബ്ബും തൃശ്ശൂർ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററും സംയുക്തമായി സംഘടിപ്പിച്ച മെന്റൽ ഹെൽത്ത് വർക്ക്ഷോപ്പ് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ) ഡോ. ടി.പി. ശ്രീദേവി ഉദ്ഘാടനം ചെയ്തു. ജയിൽ സൂപ്രണ്ട് ശ്രീ. കെ. അനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ജെയിംസ് വളപ്പില മുഖ്യാതിഥിയായി. ഗവ. മാനസികാരോഗ്യ കേന്ദ്രത്തിലെ ഡോ. രമേഷ് ചന്ദ്രൻ വർക്ക്ഷോപ്പ് നടത്തി. തൃശ്ശൂർ ലയൺസ് ക്ലബ്ബ് പ്രസിഡന്റ് അഡ്വ. റോണി സി.ജെ, തൃശ്ശൂർ ടൈഗേർസ് ലയൺസ് ക്ലബ്ബ് പ്രസിഡന്റ് വിമൽ വിജയ്, എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. തൃശ്ശൂർ ടൈഗേർസ് ലയൺസ് ക്ലബ്ബ് വിയ്യൂർ സെൻട്രൽ ജയിൽ മെഡിക്കൽ വാർഡിലേക്ക് മെഡിക്കൽ ബെഡുകൾ വിതരണം ചെയ്തു. ലയൺസ് റീജിയൺ ചെയർപേഴ്സൺ സുരേന്ദ്രൻ എൻ. സി, സോൺ ചെയർപേഴ്സൺ അഡ്വ. ആന്റോ ഡേവിസ് അക്കര എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ജയിൽ വെൽഫെയർ ഓഫീസർമാരായ സജി സായി സ്വാഗത പ്രസംഗവും ബേസിൽ ഏലിയസ് നന്ദിപ്രസംഗവും നടത്തി.

വളർച്ചയുടെ പുതിയ നാഴികക്കല്ലുകളിലേക്ക് നവീനമായ പദ്ധതികളുമായി ധനലക്ഷ്മി ഹയർ പർചേസ് & ലീസിംഗ് ലിമിറ്റഡ്

തൃശൂർ: ധനകാര്യ മേഖലയിൽ അതിവേഗ വളർച്ച കൈവരിച്ച് ജനശ്രദ്ധ നേടി മുന്നേറുന്ന ധനലക്ഷ്മി ഹയർ പർചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ്, സേവനത്തിന്റെ അഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ ഭാവിയിലേക്കുള്ള വളർച്ച ലക്ഷ്യമാക്കി വിവിധ നവീന പദ്ധതികൾ ആവിഷ്ക്കരിക്കുന്നു.

2026 ജനുവരി മുതൽ പ്രശസ്ത ക്രിക്കറ്റ് താരമായ യുവരാജ് സിങ് ധനലക്ഷ്മി ഹയർ പർചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി ചുമതലയേൽക്കും.

കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, ന്യൂഡൽഹി, ഹരിയാന, ഉത്തർ പ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ ശക്തമായ സാന്നിധ്യത്തിന് പുറമേ, കമ്പനി ഇനി പുതിയ അഞ്ച് സംസ്ഥാനങ്ങളിലേക്കും സേവനങ്ങൾ വ്യാപിപ്പിക്കുന്നു. മികച്ച സാമ്പത്തിക സേവനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം.

ധനലക്ഷ്മി ഹയർ പർചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് ഇനി ഗോൾഡ് ലോണുകൾക്കായി മാത്രം പ്രവർത്തിക്കുന്ന എൻ.ബി.എഫ്സി. ആയി മാറുന്നു. "ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സ്വർണ്ണ വായ്പകളെയാണ്. അതിനാൽ മികച്ച സേവനവും കുറഞ്ഞ പലിശനിരക്കും നൽകി സ്വർണ്ണത്തിന്റെ സാധ്യതകൾ ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം," എന്ന് ഡോ. വിപിൻദാസ് കടങ്ങോട്ട് വ്യക്തമാക്കി.

2026 മുതൽ കമ്പനി NCD Public issue (Non-Convertible Debentures) അവതരിപ്പിക്കാൻ ഒരുങ്ങുന്നു. നിക്ഷേപകർക്ക് വിശ്വസ്തമായ വളർച്ചാ മാർഗ്ഗം നൽകുന്നതിനോടൊപ്പം, ഈ പദ്ധതിയിലൂടെ കമ്പനി സേവനമേഖലയിലും സാമൂഹിക രംഗത്തും കൂടുതൽ വിപുലീകരണം ലക്ഷ്യമിടുന്നു.

തൃശൂരിൽ 50 പേരുടെയും 216 ആദിവാസി യുവത